**SUNDAY** 04/08/2024 **ഞായറാഴ്ച**

# FIB FARM NEWS

## എഫ് ഐ ബി കാർഷിക വാർത്തകൾ



## FARM INFORMATION BUREAU


AGRICULTURE DEVELOPMENT AND FARMER'S WELFARE DEPARTMENT

GOVERNMENT OF KERALA

**Chief Editor:** Nizam S A **Editor:** Dr. Binu Harriet Ivan



Farm Information Bureau, Kowdiar, Thiruvananthapuram -695003

Web site : fibkerala.gov.in, E-mail : piofibtvm@gmail.com, fibnewstvm@gmail.com

Telephone : 0471 - 2318186,2317314

**GOVERNMENT OF KERALA**
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

# FARM INFORMATION BUREAU

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

## എഫ് ഐ ബി കാർഷിക വാർത്തകൾ (FIB FARM NEWS) 4/08/2024

1. ചിങ്ങം ഒന്ന് കർഷകദിനത്തിന് വിവിധ വിഭാഗത്തിൽപ്പെട്ട മികച്ച കർഷകരെ ആദരിക്കുന്നതിനായി തൃശ്ശൂർ ജില്ലയിലെ അങ്കമാലി കൃഷിഭവൻ അപേക്ഷ ക്ഷണിച്ചു. ആഗസ്റ്റ് അഞ്ചുവരെ നഗരസഭാ കൗൺസിലർമാർ, എഡിസി അംഗങ്ങൾ മുഖേനയോ കൃഷിഭവനിൽ വന്ന് നേരിട്ടോ വെള്ളക്കടലാസിൽ അപേക്ഷിക്കണം. അപേക്ഷയോടൊപ്പം കൃഷിയിടത്തിന്റെ ഫോട്ടോയും അപേക്ഷ നൽകുന്ന വ്യക്തിയുടെ ഫോട്ടോയും (ഫോട്ടോയുടെ പുറകിൽ പേര് എഴുതിയിരിക്കണം) നൽകണം. എങ്കിൽമാത്രമെ ഫീൽഡ്തല പരിശോധന നടത്തി സെലക്ഷൻ പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. മികച്ച നെൽക്കർഷകൻ, സമ്മിശ്ര കർഷകൻ, യുവകർഷകൻ, യുവകർഷക, ജാതി കർഷകൻ, ക്ഷീരകർഷകൻ, കർഷക, തെങ്ങുകർഷകൻ, മട്ടുപ്പാവ് കർഷകൻ, പട്ടിക ജാതി കർഷകൻ. വിദ്യാർഥി കർഷകൻ /കർഷക, കർഷക തൊഴിലാളി, മുതിർന്ന കർഷകൻ വിഭാഗങ്ങളിലാണ് പുരസ്കാരം നൽകുന്നത്.

2. ദേശീയ ജന്തുരോഗ നിയന്ത്രണ പദ്ധതിയുടെ ഭാഗമായ കുളമ്പുരോഗ പ്രതിരോധ കുത്തിവയ്പ്പ് അഞ്ചാംഘട്ടത്തിൻറെയും ചർമ്മമുഴരോഗപ്രതിരോധ കുത്തിവയ്പ്പ് രണ്ടാം ഘട്ടത്തിന്റെയും വാക്സിനേഷൻ ക്യാമ്പെയ്ൻ 05/08/2024 മുതൽ 30 പ്രവർത്തി ദിവസങ്ങളിലായി മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള വാക്സിനേഷൻ ടീമുകൾ കർഷകരുടെ വീടുകളിൽ എത്തി വാക്സിനേഷൻ നടത്തുന്നതാണ്. വാക്സിനേഷനുകളുടെ സംസ്ഥാനതല ഉദ്ഘാടനം എറണാകുളം ജില്ലയിലെ പോത്താനിക്കാട് ഗ്രാമപഞ്ചായത്തിലെ വെറ്ററിനറി ഡിസ്പെൻസറിയിൽ വച്ച് 05/08/2024 തിങ്കളാഴ്ച രാവിലെ 10 മണിക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പ് മന്ത്രി ജെ.ചിഞ്ചുറാണി നിർവഹിക്കുന്നതാണ്. വാക്സിനേഷന്റെ ജില്ലാതല ഉദ്ഘാടനം നെയ്യാറ്റിൻകര മുൻസിപ്പാലിറ്റിയിലെ മുട്ടയ്ക്കാട്

ഫാം ഇൻഫർമേഷൻ ബ്യൂറോ, തിരുവനന്തപുരം

GOVERNMENT OF KERALA
AGRICULTURE DEVELOPMENT AND FARMERS' WELFARE DEPARTMENT

**FARM INFORMATION BUREAU**

Kowdiar, Thiruvananthapuram – 695003
**Website:** fibkerala.gov.in
**E-mail:**piofibtvm@gmail.com
**Telephone:** 0471 – 2318186, 2317314

മിൽക്ക് പ്രൊഡ്യൂസേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയിൽ വച്ച് അന്നേ ദിവസം രാവിലെ ജില്ലാ പഞ്ചായത്ത് പ്രസിഡന്റിന്റെ അദ്ധ്യക്ഷതയിൽ സ്ഥലം എം എൽ എ കെ. അൻസലൻ നിർവ്വഹിക്കുന്നു. അഞ്ചാം തീയതി മുതൽ ഉള്ള 30 പ്രവൃത്തി ദിവസങ്ങളിലാണ് വാക്സിനേഷൻ നടക്കുന്നത്. മൃഗസംരക്ഷണ വകുപ്പിൽ നിന്നുള്ള വാക്സിനേഷൻ ടീമുകൾ കർഷകരുടെ വീടുകളിൽ എത്തി വാക്സിനേഷൻ നടത്തുന്നതാണ്.

**പരിശീലന പരിപാടി**

3. കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള ഇ-പഠന കേന്ദ്രം (സെന്റർ ഫോർ ഇ-ലേണിംഗ്) "Organic Agricultural Management" എന്ന ഓൺലൈൻ പഠന സർട്ടിഫിക്കറ്റ് കോഴ്സിലേക്ക് അപേക്ഷ ക്ഷണിക്കുന്നു. ആറു മാസമാണ് കോഴ്സിന്റെ ദൈർഘ്യം. ഇംഗ്ലീഷ് ഭാഷയാണ് പഠന മാദ്ധ്യമം. 50% മാർക്കോടുകൂടി SSLC / തത്തുല്ല്യ വിദ്യാഭ്യാസമാണ് ഏറ്റവും കുറഞ്ഞ യോഗ്യത താല്പര്യമുള്ളവർ www.celkau.in എന്ന വെബ്സൈറ്റിലെ 'ഓൺലൈൻ സർട്ടിഫിക്കറ്റ് കോഴ്സ്' എന്ന ലിങ്കിൽ നിന്നും രജിസ്ട്രേഷൻ ഫോറം പൂരിപ്പിച്ചു സമർപ്പിക്കുക. രജിസ്റ്റർ ചെയ്യേണ്ട അവസാന തിയ്യതി : 2024 ഓഗസ്റ്റ് 6. കോഴ്സ് ആരംഭിക്കുന്ന തീയതി 2024 ഓഗസ്റ്റ് 7. കൂടുതൽ വിവരങ്ങൾക്ക് celkau@gmail.com ലേക്ക് ഇ-മെയിൽ ആയോ 04872438567, 04872438565, 8547837256, 9497353389 എന്നീ ഫോൺ നമ്പറുകളിലോ ബന്ധപ്പെടാവുന്നതാണ്.

4. പട്ടാമ്പിയിൽ പ്രവർത്തിക്കുന്ന പാലക്കാട് കൃഷി വിജ്ഞാന കേന്ദ്രം 05.08.2024 തിങ്കളാഴ്ച്ച മുതൽ 09.08.2024 വെള്ളിയാഴ്ച വരെ **"ഗാർഡനിങ്ങ് നഴ്സറി മാനേജ്മെന്റ്"** എന്ന വിഷയത്തിൽ പരിശീലനം സംഘടിപ്പിക്കുന്നു. പങ്കെടുക്കാൻ താത്പ്പര്യമുള്ളവർ 0466 2212279, 0466 29122008, 6282937809, ഫോൺ നമ്പറിൽ ബന്ധപ്പെടുക.

5. കേരള കാർഷിക സർവ്വകലാശാലയുടെ ഇ-പഠന കേന്ദ്രം നടത്തിവരുന്ന **"ശീതകാല പച്ചക്കറി കൃഷി"** എന്ന വിഷയത്തിലെ സൗജന്യ ഓൺലൈൻ പരിശീലന പരിപാടിയുടെ പുതിയ ബാച്ച് 2024 ഓഗസ്റ്റ് 6 ന് ആരംഭിക്കുന്നു. കേരള കാർഷിക സർവ്വകലാശാല ശാസ്ത്രജ്ഞർ കൈകാര്യം ചെയ്യുന്ന ഈ കോഴ്സിൽ പങ്കെടുക്കുവാൻ താൽപ്പര്യമുള്ളവർ ഓഗസ്റ്റ് 5 നകം രജിസ്റ്റർ ചെയ്യേണ്ടതാണ്. ഫൈനൽ പരീക്ഷ പാസ്സാവുന്ന പഠിതാക്കൾ് നിശ്ചിത ഫീസ് ഈടാക്കി സർട്ടിഫിക്കറ്റ് നൽകുന്നതാണ്. www.celkau.in/MOOC എന്ന ലിങ്കിൽ ക്ലിക് ചെയ്ത് ഈ പരിശീലന കോഴ്സിൽ രജിസ്റ്റർ ചെയ്യാം. രജിസ്റ്റർ ചെയ്തവർക്ക് ഓഗസ്റ്റ് 6 മുതൽ 'പ്രവേശനം' എന്ന ബട്ടൺ ക്ലിക് ചെയ്ത് യുസർ ഐ ഡി യും പാസ്സ്‌വേർഡും ഉപയോഗിച്ച് ക്ലാസ്സുകളിൽ പങ്കെടുക്കാം.

6. റബ്ബർപാലിൽനിന്നുള്ള ഉത്പന്നനിർമ്മാണത്തിൽ റബ്ബർബോർഡ് പരിശീലനം നൽകുന്നു. റബ്ബർപാൽസംഭരണം; സാന്ദ്രീകരണം; ലാറ്റക്സ് കോമ്പൗണ്ടിങ്; ഉത്പന്നങ്ങളുടെ രൂപകൽപന; ഗുണമേന്മാനിയന്ത്രണം; റബ്ബർബാൻഡ്, കൈയ്യുറ, റബ്ബർനൂൽ, ബലൂൺ, റബ്ബർപശ തുടങ്ങിയ ഉത്പന്നങ്ങളുടെ നിർമ്മാണം എന്നിവയിലുള്ള പരിശീലനം ആഗസ്റ്റ് 05 മുതൽ 09 വരെ കോട്ടയത്തുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ റബ്ബർ ട്രെയിനിങ്ങിൽ വച്ച് നടക്കും. കൂടുതൽ വിവരങ്ങൾക്ക് 9446976726 എന്ന ഫോൺ നമ്പരിലോ 04812353201 എന്ന വാട്ട്സ്ആപ്പ് നമ്പരിലോ ബന്ധപ്പെടേണ്ടതാണ്. E-mail:training@rubberboard.org.in

7. **മൃഗസംരക്ഷണ നിർദ്ദേശം** -എഫിമെറൽ ഫീവർ (ബിഇഎഫ്) കന്നുകാലികളെയും എരുമകളെയും ബാധിക്കുന്ന ഒരു രോഗമാണ്, ഇത് ചെറിയ പനി, വിറയൽ, മുടന്തൽ, പേശികളുടെ കാഠിന്യം എന്നിവയാൽ അടയാളപ്പെടുത്തുന്നു. ഈ രോഗം പാലുൽപാദനം കുറയാനും പ്രത്യുൽപാദനശേഷി കുറയാനും ഗർഭച്ഛിദ്രത്തിനും കാരണമാകും.ചികിത്സ:

ഫിനൈൽ ബ്യൂട്ടാസോൺ സോഡിയം (200 മില്ലിഗ്രാ) 10 മില്ലി/ കന്നുകാലികൾക്ക് 3 ദിവസത്തേക്ക് രണ്ട് ഡോസുകളിലായി നൽകണം.